# ഗ്രാമ ന്യായാലയ, വടവുകോട്, കോലഞ്ചേരി

## ഹാജർ : ശ്രീമതി. ജെയ്സി അഗസ്റ്റിൻ, ന്യായാധികാരി

2025 നവംബർ മാസം 4–)o തീയതി, ചൊവ്വ/ 1946 കാർത്തികം 13–)o തീയതി

## എം.സി. 20/2025– ൽ സി.എം.പി 396/25

ഹർജിക്കാർ :– 1 മിസ്രിയ കെ. എച്ച്., 24 വയസ്സ്, D/o. കെ. എം. ഹസൈനാർ, കൊളത്തായിക്കോട്ടിൽ വീട്, അമ്പലപ്പടി, കുമാരപുരം പി.ഒ, എറണാകുളം, പിൻ – 683 565

2. ഷെഹസ മെഹറിൻ, 04 വയസ്സ്, D/o. മിസ്രിയ കെ. എച്ച്., 24 വയസ്സ്, D/o. കെ. എം. ഹസൈനാർ, കൊളത്തായിക്കോട്ടിൽ വീട്, അമ്പലപ്പടി, കുമാരപുരം പി.ഒ, എറണാകുളം, പിൻ – 683 565 ടിയാൾവേണ്ടി മാതാവ് മിസ്രിയ കെ. എച്ച്., 24 വയസ്സ്, D/o. കെ. എം. ഹസൈനാർ, കൊളത്തായിക്കോട്ടിൽ വീട്, അമ്പലപ്പടി, കുമാരപുരം പി.ഒ, എറണാകുളം, പിൻ – 683 565

അഭിഭാഷകർ: സജി വർഗീസ്

എതിർകക്ഷികൾ :– 1. മുഹമ്മദ് അസ്ലം . പി. വൈ, 32 വയസ്സ്, S/o. പി. എം. യൂസഫ്, പാലക്കുടി വീട്, ഏല്ലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ പി.ഓ, എറണാകുളം, പിൻ – 683 501

2. പി. എം. യൂസഫ്, പാലക്കുടി വീട്, ഏല്ലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ പി.ഓ, എറണാകുളം, പിൻ – 683 501

3. കെ. പി. റുഖിയ, W/o. പി. എം. യൂസഫ്, പാലക്കുടി വീട്, ഏല്ലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ പി.ഓ, എറണാകുളം, പിൻ – 683 501

അഭിഭാഷകർ: കെ. എ. ജലീൽ & ആദിൽ നസ്സറുദ്ദീൻ

ഹർജി:– ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 ലെ 23 (2) വകുപ്പ് പ്രകാരം.

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005–ലെ 23–(2)–)o വകുപ്പ് പ്രകാരം ഉത്തരവിനായി ഫയൽ ചെയ്തിരിക്കുന്ന ഹർജിയാണ്.

2. **ഹർജിസംഗതി ഇപ്രകാരമാണ്** :– ഒന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയുടെ ഭർത്താവും രണ്ടാം ഹർജിക്കാരി ഒന്നാം ഹർജിക്കാരിക്ക് ഒന്നാം എതിർ

കക്ഷിയിൽ ജനിച്ച മകളുമാകുന്നു. രണ്ടും മൂന്നും എതിർകക്ഷികൾ ഒന്നാം എതിർകക്ഷിയുടെ മാതാപിതാക്കളാകുന്നു. ഒന്നാം ഹർജിക്കാരിയുടേയും ഒന്നാം എതിർകക്ഷിയുടേയും വിവാഹം 27/09/2020 തീയതി ജുമാ മസ്ജിദ്, പള്ളിക്കരയിൽ വെച്ച് നടന്നിട്ടുള്ളതാകുന്നു. തുടർന്ന് ഒന്നാം ഹർജിക്കാരി ഒന്നുമുതൽ മൂന്നുവരെയുള്ള എതിർകക്ഷികളുടെ കൂടെ ടിയാരുടെ വീട്ടിൽ ഒരുമിച്ച താമസിച്ചിട്ടുള്ളതാണ്.

3. ടി വിവാഹ സമയം ഒന്നാം ഹർജിക്കാരിക്ക് പിത്രുസ്വത്തിലുള്ള അവകാശം എന്ന നിലക്ക് ഒന്നാം ഹർജിക്കാരിയുടെ പിതാവ് 40 പവൻ സ്വർണ്ണാഭരണങ്ങൾ നല്കിയിട്ടുള്ളതുമാകുന്നു. വിവാഹം കഴിഞ്ഞ് ആദ്യ ആഴ്ച്ചയിൽ തന്നെ ഒന്നാം ഹർജിക്കാരി ധരിച്ചിരുന്ന സ്വർണാഭരണങ്ങളുടെ ബില്ല് ആവശ്യപ്പെട്ടുകയും, വിവാഹ സമയത്ത് കൊടുത്ത 40 പവൻ സ്വർണത്തിൽ നിന്നും 2 1/4 (രണ്ടേകാൽ) ലക്ഷം രൂപ കാർ വാങ്ങുവാനായി ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ടുകയും അത് ഒന്നാം ഹർജിക്കാരി കൊടുക്കുകയും ചെയ്തു. വിവാഹ ശേഷം പല അവസരങ്ങളിലും ഒന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയോട് തന്നെ വിവാഹം ചെയ്തത് 60 ലക്ഷം രൂപയോളം വരുന്ന തന്റെ സ്വത്തുക്കൾ കണ്ടിട്ടാണ് എന്ന് പറയുകയും ചെയ്യുമായിരുന്നു. ഒന്നും രണ്ടും മൂന്നും എതിർകക്ഷികൾ സ്വത്തിലുള്ള അവകാശം കിട്ടുന്നതിന് വേണ്ടി ഒന്നാം ഹർജിക്കാരിയെ മാനസികമായി നിരന്തരം പീഡിപ്പിക്കാറുണ്ടായിരുന്നു. ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കളെ രണ്ടും മൂന്നും എതിർകക്ഷികൾ അപമാനിക്കുക പതിവായിരുന്നു എന്നും ഒന്നാം ഹർജിക്കാരിയെ സ്വന്തം വീട്ടിലേക്ക് പോകുന്നതിന് സമ്മതിക്കുകയും ചെയ്തിരുന്നില്ല. ഒന്നാം ഹർജിക്കാരി ഒന്നാം എതിർകക്ഷിയിൽ നിന്നും ഗർഭം ധരിക്കവേ എതിർകക്ഷികൾ മാനസികമായി ഒന്നാം ഹർജിക്കാരിയെ പീഡിപ്പിച്ചിരുന്നു. മൂന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയെ നിരന്തരം ശരീര പ്രകൃതി വച്ച് കളിയാക്കുന്നത് പതിവായിരുന്നു. ഗർഭിണി ആയിരിക്കുന്ന സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി ഒന്നാം ഹർ ജിക്കാരിയോട് മുറിയിൽ തന്നോടൊപ്പം താമസിക്കുവാൻ താൻ സമ്മതിക്കുകയില്ല, 'നീ വേറെ മുറിയിൽ പോയി കിടന്നുകൊള്ളണം' എന്ന് പറഞ്ഞ് ഒന്നാം ഹർജിക്കാരിയെ മുറിയിൽ നിന്ന് ഇറക്കി വിട്ട് കതകടിച്ചിട്ടുള്ളതുമാകുന്നു. ആയത് ഒന്നാം ഹർജിക്കാരി വളരെയധികം മാനസിക പിരിമുറുക്കം ഉണ്ടാക്കിയിട്ടുള്ളതുമാകുന്നു. രണ്ടാം എതിർകക്ഷി ദുഷ്ടനും അത്യാഗ്രഹിയുമാണ്.

ഒന്നാം ഹർജിക്കാരിയോട് നിരന്തരം 'നീ നിന്റെ വീട്ടിൽ പോയി പൈസ കൊണ്ടുവാ' എന്നും പറഞ്ഞ് വഴക്ക് ഉണ്ടാക്കുക പതിവാണ്. എന്നിട്ട് നീ എന്റെ മകന്റെ ഒപ്പം ഈ വീട്ടിൽ താമസിച്ചാ മതി എന്ന് പറയുകയും, ഒന്നാം എതിർകക്ഷിയോട് നിരന്തരം രണ്ടാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയോട് പൈസ ചോദിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുള്ളതുമാകുന്നു.

4. ഒന്നാം ഹർജിക്കാരി എതിർകക്ഷികളിൽ നിന്ന് അനുഭവിച്ച പീഡനങ്ങളും ബുദ്ധിമുട്ടുകളും ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കളെ അറിയിക്കുകയും ആയത് പ്രകാരം ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കൾ മഹൽ കമ്മിറ്റിയെ അറിയിക്കുകയും ആയത് പ്രകാരം ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കൾ മഹൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഇരു കൂട്ടരെയും വിളിച്ച് കാര്യങ്ങൾ രമ്യതയിൽ എത്തിക്കുകയും ചെയ്തു. ആയതിന് ശേഷവും എതിർകക്ഷികളുടെ ഭാഗത്തുനിന്ന് മോശമായ രീതിയിലുള്ള സമീപനമാണ് ഒന്നാം ഹർജിക്കാരിയോട് ഉണ്ടായിട്ടുള്ളത്. വിവാഹശേഷം നാളിതുവരെ ഒന്നാം ഹർജിക്കാരിയോട് ടിയാളുടെ സ്വന്തം വീട്ടിലേക്കോ മറ്റ് കാര്യങ്ങൾക്കോ ഒന്നും തന്നെ വീടിന്റെ പുറത്തേക്ക് വിട്ടിട്ടില്ലാത്തതുമാകുന്നു. പ്രശ്ങ്ങൾ വീണ്ടും വഷളായ സാഹചര്യത്തിൽ പല്ല് മുറുക്കുവാൻ പോകുവാണെന്ന വ്യാജേന രണ്ടാം ഹർജിക്കാരിയെയും കൂടി വീട്ടിൽ നിന്ന് ഇറങ്ങുകയും പിന്നീട് തിരികെ പോയിട്ടില്ലാത്തതുമാകുന്നു എന്നും, ഒന്നര വർഷത്തോളമായി ഒന്നാം ഹർജിക്കാരി ഒന്നാം എതിർകക്ഷിയിൽ നിന്നും പിരിഞ്ഞ് ഒന്നാം ഹർജിക്കാരിയുടെ വീട്ടിൽ രണ്ടാം ഹർജിക്കാരിയുമായി താമസിക്കുവാൻ തുടങ്ങിയിട്ട്. ഈ കാലയളവിൽ ഒന്നും തന്നെ ഒന്നാം എതിർകക്ഷിയോ രണ്ടും മൂന്നും എതിർകക്ഷികളോ കുട്ടിയെ കാണുന്നതിനോ ഒന്നാം ഹർജിക്കാരിയെ തിരികെ കൊണ്ട് പോകുന്നതിനോ യാതൊരു ശ്രമങ്ങളും നടത്തിയിട്ടില്ലാത്തതുമാകുന്നു. ഹർജിക്കാർക്ക് ജീവിക്കുവാൻ വേണ്ട യാതൊരു കാര്യങ്ങളും ഒന്നാം എതിർകക്ഷി ചെയ്ത് കൊടുത്തിട്ടില്ലാത്തതുമാകുന്നു എന്നും, ഒന്നാം എതിർകക്ഷി എപ്പോഴും ഒന്നാം ഹർജിക്കാരിയെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തുന്നതുമാകുന്നു. എതിർകക്ഷികൾ എന്തും ചെയ്യുവാൻ മടി ഇല്ലാത്ത ആൾക്കാരാകുന്നു, ആയതിനാൽ ഹർജിക്കാർ നിലവിൽ താമസിക്കുന്ന പള്ളിക്കരയിൽ ഉള്ള വീട്ടിൽ കയറി ദേഹോപദ്രവം

ഏൽപിക്കുവാൻ സാധ്യതയുള്ളതാണ്. അപ്രകാരം സംഭവിച്ചാൽ ആയതിനെ തടസം ചെയ്യുവാൻ ഹർജിക്കാർ പ്രാപ്തർ അല്ലാത്തതുമാകുന്നു.

5. ഒന്നാം ഹർജിക്കാരി മിന്റലിയോ റിട്രീറ് എന്ന ഹോസ്പിറ്റലിൽ വർക്ക് ചെയ്യുന്നതും മാസംതോറും തുച്ഛമായ 10000/- രൂപ ലഭിച്ച് വരുന്നതുമാകുന്നു എന്നും, ഒന്നാം ഹർജിക്കാരിയുടെ ഈ തുച്ഛമായ വരുമാനം കൊണ്ട് രണ്ടാം ഹർജിക്കാരിയെ വേണ്ട വിതത്തിൽ നോക്കുന്നതിനോ ഒന്നും തന്നെ പറ്റാത്ത സാഹചര്യമാകുന്നു. ഒന്നാം എതിർകക്ഷിക്ക് പ്രതിമാസം 50000/- രൂപയോളം വരുമാനം ഉള്ളതാകുന്നു. നിലവിൽ ഒന്നാം ഹർജിക്കാരിയൊടൊപ്പം താമസിക്കുന്ന രണ്ടാംഹർജിക്കാരിയെ നോക്കി നടത്തുന്നതിന് ഒന്നാം എതിർകക്ഷി ബാധ്യസ്ഥനാകുന്നു. ഹർജിക്കാരിക്ക് 20,000/-രൂപ വിദ്യാഭ്യാസം, ആഹാരം, മരുന്ന് എന്നീ ഇതര ചെലവുകൾക്ക് ആവശ്യമുള്ളതാകുന്നു. എതിർകക്ഷികൾ ഇനിയും ഗാർഹിക പീഡനത്തിന് വിധേയമാക്കുന്നത് ആവർത്തിക്കാനിടവന്നാൽ ആയത് ഹർ ജിക്കാരുടെ ജീവനും സ്വത്തിനും ഹാനികരമായി ബാധിക്കുമെന്ന് ഭയപ്പെടുകയും ചെയ്യുന്നു. അല്ലാത്തപക്ഷം ഹർജിക്കാർക്ക് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾക്കും സങ്കടത്തിനും ഇടവരുന്നതാണ്. ആയതിനാൽ ടി ഹർജി.

6. എതിർകക്ഷികൾ സമർപ്പിച്ച ആക്ഷേപത്തിലെ പ്രധാന കാര്യങ്ങൾ ഇവയെല്ലാം ആണ്:

ഒന്നാം എതിർകക്ഷി സ്നേഹനിധിയായ ഭർത്താവും വാത്സല്യവാനായ പിതാവുമാണ്. ഒന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിക്കെതിരെ യാതൊരുവിധത്തിലുള്ള ഗാർഹിക പീഡനവും നടത്തിയിട്ടില്ല. 27/09/2020-ൽ ഒന്നാം ഹർജിക്കാരിയുമായുള്ള ഒന്നാം എതിർകക്ഷിയുടെ വിവാഹം നടന്നതാണ് എന്നും ടി വിവാഹത്തിൽ ഒരു പെൺകുട്ടി ജനിച്ചിട്ടുള്ളതാണ് എന്നും ഇപ്പോൾ അവൾക്ക് 4 വയസ്സ് പ്രായമുണ്ട്. ഒന്നാം ഹർജിക്കാരിയുടെ പിതാവ് വിവാഹ സമയത്ത് സ്വത്തിന്റെ വിഹിതമായി 40 പവൻ സ്വർണ്ണാഭരണങ്ങൾ എതിർ കക്ഷികൾക്ക് നൽകിയെന്ന ആരോപണം വ്യാജവും കെട്ടിച്ചമച്ചതുമായ കഥയാണ്. ടി 40 പവൻ സ്വർണ്ണാഭരണങ്ങളിൽ ഒന്നാം എതിർകക്ഷി ഒരു കാർ വാങ്ങുന്നതിനായി 2 1/4 ലക്ഷം രൂപ ആവശ്യപ്പെട്ടുവെന്നും ആ തുക അദ്ദേഹത്തിന് കൈമാറിയെന്നും വ്യാജവും കെട്ടിച്ചമച്ചതുമായ

കഥയാണ്. വിവാഹശേഷം വിവിധ അവസരങ്ങളിൽ ഒന്നാം ഹർജിക്കാരിയോട് 60 ലക്ഷം വിലമതിക്കുന്ന സ്വത്തുക്കൾ ലഭിക്കുമെന്ന പ്രതീക്ഷയോടെയാണ് താൻ അവളെ വിവാഹം കഴിച്ചതെന്ന് പറഞ്ഞതായും ഒന്നാം ഹർജിക്കാരിയുടെ പിതാവ് തന്റെ സ്വത്തിന്റെ പകുതി ഒന്നാം എതിർകക്ഷിക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്തതായും ഇത് എതിർകകഷികൾ ഒന്നാം ഹർജിക്കാരിയെ മാനസികമായി പീഡിപ്പിക്കാൻ കാരണമായെന്നുമുള്ള ആരോപണങ്ങൾ പൂർണ്ണമായും തെറ്റാണ്. ഒന്നാം ഹർജിക്കാരിയുടെ വീട് സന്ദർശിക്കുമ്പോൾ എതിർകക്ഷികൾ അവരുടെ മാതാപിതാക്കളെ അപമാനിച്ചിരുന്നുവെന്നും മൂന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കളുടെ വീട്ടിലേക്ക് പോകാൻ അനുവദിച്ചില്ലെന്നും ഉള്ള ആരോപണം അസത്യമാണ്. ഒന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയോട് ഏതെങ്കിലും തരത്തിലുള്ള ക്രൂരതയോ ഗാർഹിക പീഡനമോ നടത്തിയിട്ടില്ല എന്നും . രണ്ടാം എതിർകക്ഷി ക്രൂരനും അത്യാഗ്രഹിയുമാണെന്നും, 'നിങ്ങളുടെ വീട്ടിൽ നിന്ന് പണം വാങ്ങി ഞങ്ങളുടെ മകനോടൊപ്പം താമസിക്കൂ' എന്ന് പറഞ്ഞ് അയാൾ ഒന്നാം ഹർജിക്കാരിയുമായി നിരന്തരം വഴക്കിടുമായിരുന്നു എന്നുമുള്ള ആരോപണം നിഷേധിക്കപ്പെടുന്നു. ഒന്നാം ഹർജിക്കാരിയോട് പണം ആവശ്യപ്പെടാൻ രണ്ടാം എതിർകക്ഷി നിരന്തരം പ്രേരിപ്പിക്കുന്നുവെന്നും, ഒന്നാം എതിർകക്ഷി ഒന്നാം ഹർജിക്കാരിയുമായി വഴക്കിടുമ്പോഴെല്ലാം, രണ്ടാം എതിർകക്ഷിയും മൂന്നാം എതിർകക്ഷിയും ഒന്നാം എതിർകക്ഷിയെ പിന്തുണയ്ക്കാൻ ഇടപെട്ട് വലിയ പ്രശ്നം സൃഷ്ടിക്കുന്നുവെന്നും, ഈ മാനസിക പീഡന പ്രവൃത്തികൾ സഹിക്കാനോ പ്രതികരിക്കാനോ ഒന്നാം ഹർജിക്കാരിക്ക് കഴിയില്ലെന്നുമുള്ള ആരോപണങ്ങൾ തീർത്തും വ്യാജമാണ്. ഒന്നാം ഹർജിക്കാരി ഉന്നയിച്ച എല്ലാ ആരോപണങ്ങളും അവ്യക്തവും പൊതുവായതുമാണ്. അവരുടെ ആരോപണത്തെ പിന്തുണയ്ക്കുന്നതിന് പ്രത്യേക തീയതികളോ പ്രത്യേക സംഭവങ്ങളോ വിവരിച്ചിട്ടില്ല. എതിർകക്ഷികൾക്കെതിരെ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളും നിയമപരമായ അടിസ്ഥാനമില്ലാത്തതും അവ്യക്തവുമാണ്.

7. ഒന്നാം ഹർജിക്കാരി എല്ലാ അനിഷ്ട സംഭവങ്ങളെക്കുറിച്ചും തന്റെ മാതാപിതാക്കളെ അറിയിച്ചുവെന്നും പിന്നീട് മഹൽ കമ്മിറ്റിയെ അറിയിച്ചുവെന്നും കമ്മിറ്റിയുടെ തീരുമാനത്തിനുശേഷം കക്ഷികൾ അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുവെന്നും എന്നിരുന്നാലും

പ്രതി ഒന്നാം ഹർജിക്കാരിയോട് അനീതിപരമായി പെരുമാറുന്നത് തുടർന്നുവെന്നും ഉള്ള ആരോപണങ്ങൾ തെറ്റാണ്. എതിർകക്ഷികൾ ഒന്നാം ഹർജിക്കാരിയുടെ വീട്ടിൽ നിന്ന് പുറത്തുപോകാനോ മാതാപിതാക്കളുടെ വീട് സന്ദർശിക്കാനോ ഉള്ള സ്വാതന്ത്ര്യം പരിമിതപ്പെടുത്തി, പല്ല് മുറുക്കാൻ മാത്രമാണ് ഒന്നാം ഹർജിക്കാരി എതിർകക്ഷികളുടെ വീട്ടിൽ നിന്ന് പോയത്, പിന്നീട് പല്ല് മുറുക്കാനുള്ള വ്യാജേന രണ്ടാമത്തെ ഹർജിക്കാരിയെ കൂടെ കൊണ്ടുപോയി, പകരം അവളുടെ മാതാപിതാക്കളുടെ വീട്ടിലേക്ക് പോയി തിരിച്ചെത്തിയില്ല എന്ന ആരോപണങ്ങൾ പൂർണ്ണമായും തെറ്റാണ്, ഇതിനാൽ നിഷേധിക്കപ്പെടുന്നു. രണ്ടാം ഹർജിക്കാരിയുടെ കാര്യങ്ങളിൽ ഒന്നാം എതിർകകഷി താൽപ്പര്യക്കുറവ് പ്രകടിപ്പിച്ചുവെന്നോ അല്ലെങ്കിൽ ഹർജിക്കാരെ ഒന്നാം എതിർകകഷിയുടെ വസതിയിൽ വീണ്ടും ഒന്നിപ്പിക്കാൻ മുൻകൈയെടുത്തില്ല എന്നോ, ഒന്നാം എതിർകക്ഷിയുടെ മൊബൈൽ ഫോണിലൂടെ ഒന്നാം ഹർജിക്കാരിയെ ഭീഷണിപ്പെടുത്തിയെന്നോ ഉള്ള ആരോപണങ്ങൾ തെറ്റാണ്. എതിർ കക്ഷികൾ ഒന്നാം ഹർജിക്കാരിയുടെ മാതാപിതാക്കളുടെ വീട്ടിൽ അതിക്രമിച്ചു കയറി അവളെ ആക്രമിച്ചേക്കാമെന്നും അവൾക്ക് എതിർക്കാൻ ശക്തിയില്ലെന്നുമുള്ള ആരോപണങ്ങൾ അസത്യവും നിഷേധിക്കപ്പെടുന്നതുമാണ്. ഒന്നാം ഹർജിക്കാരി ഗ്രാജുവേറ്റാണ് കൂടാതെ 10,000/- രൂപ മാത്രമേ മാസവരുമാനമാണുള്ളത് എന്ന് പറയുന്നതും കളവാണ്.

8. ഒന്നാം ഹർജിക്കാരി ജോലിക്കാരിയും റിടീറ്റ് ആശുപത്രിയിൽ നിന്ന് പ്രതിമാസം 50,000/- രൂപ ശമ്പളം വാങ്ങുന്നയാളുമാണ്. ഒന്നാം എതിർകക്ഷി 50,000/- രൂപ ശമ്പളം വാങ്ങുന്നു എന്ന ആരോപണം തികച്ചും വ്യാജമാണ്. ഒന്നാം എതിർകക്ഷി ഇപ്പോൾ ഏലൂരിലെ വെസ്റ്റേണിലുള്ള ഒരു സ്വകാര്യ കമ്പനിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുകയും പ്രതിമാസം 28,450/- രൂപ ശമ്പളം നേടുകയും ചെയ്യുന്നു. കൂടാതെ ഒന്നാം എതിർ കക്ഷിക്കു തന്റെ അച്ഛനെയും അമ്മയെയും നോക്കേണ്ടതുണ്ട്. ഒന്നാം ഹർജിക്കാരി സ്വത്തുക്കളും ബാധ്യതകളും സംബന്ധിച്ച സത്യവാങ്മൂലത്തിൽ തന്റെ യഥാർത്ഥ വരുമാനം വെളിപ്പെടുത്തിയിട്ടില്ലെന്നും കാണുന്നു. യാതൊരു കാരണവും ഇല്ലാതെ മനഃപൂർവ്വം ഒന്നാം എതിർകക്ഷിയെ അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നത് ഒന്നാം ഹർജിക്കാരിയുടെ ശീലമായിരുന്ന എന്നും ഒന്നാം ഹർജിക്കാരിക്ക് ഒന്നാം എതിർകക്ഷിയോട്

മോശമായാണ് പെരുമാറിയിരുന്നത് എന്നും കൂടാതെ ഒന്നാം എതിർകക്ഷിയോടൊപ്പം വീട്ടിൽ താമസിക്കാൻ ഒന്നാം ഹർജിക്കാരി വിമുഖത കാണിച്ചിരുന്നു എന്നും മതിയായ കാരണമില്ലാതെ എതിർകക്ഷികളുമായി വഴക്കുണ്ടാക്കുകയും വൈവാഹിക വീട് വിടുകയും ചെയ്യുന്നത് ഒന്നാം ഹർജിക്കാരിയുടെ ശീലമായി മാറിയിരിക്കുന്നു എന്നും ഒന്നാം എതിർ കക്ഷിയുമായി വിവാഹബന്ധം പങ്കിടാൻ തയ്യാറാണെന്നും ആകയാൽ മേൽ ഹർജി തള്ളി ഉത്തരവാകേണ്ടതാണ്.

9. ഇരുഭാഗത്തേയും വാദം കേട്ടു.

10. രേഖകൾ പരിശോധിച്ചു.

11. താഴെ പറയുന്ന സൂചനകൾ പരിഗണനക്കായി വെക്കുന്നു.

1. പ്രഥമദൃഷ്ട്യാ ഒന്നാംഹർജിക്കാരി ഗാർഹിക പീഡനത്തിന് വിധേയയായിട്ടുണ്ടോ?

2. ഹർജിക്കാർക്ക് ഹർജിയിൽ പറയും പ്രകാരം സെക്ഷൻ 18 പ്രകാരമുള്ള ഒരു ഇടക്കാല സംരക്ഷണ ഉത്തരവിന് അർഹതയുണ്ടോ?

3. എതിർകക്ഷി രണ്ടാം ഹർജിക്കാരന് പ്രതിമാസം ചിലവിന് നല്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എത്ര തുക?

4. ഉത്തരവുകളും ചിലവുകളും?

12. <u>**സൂചകങ്ങൾ 1 & 2**</u>

ഹർജി പ്രകാരം ഉത്തരവ് കിട്ടുവാൻ ഒന്നാം ഹർജിക്കാരി അർഹയാണ് എന്ന് ഹർജിഭാഗം അഭിഭാഷകൻ വാദിച്ചു. ഒന്നാംഹർജിക്കാരിക്ക് യാതൊരു ഉത്തമവിശ്വാസമില്ലാതെ മനപ്പൂർവ്വം കഷ്ടപ്പെടുത്തുന്നതിന് വേണ്ടിയാണ് ഹർജി ഫയൽ ചെയ്തിരിക്കുന്നത് എന്നും എതിർകക്ഷികൾക്ക് എതിരെ വ്യക്തമായ ഒരു ആരോപണം ഒന്നാംഹർജിക്കാരി ഉന്നയിച്ചിട്ടില്ല എന്നും ഒന്നാംഹർജിക്കാരിയുടെ സ്വർണാഭരണങ്ങൾ ഒന്നാംഎതിർകക്ഷി ദുരുപയോഗം ചെയ്തു എന്ന ആരോപണം ഒന്നാംഹർജിക്കാരിക്ക് ഇല്ല എന്നും എതിർഭാഗം അഭിഭാഷകൻ വാദിച്ചു. എന്നിരുന്നാലും രണ്ടാം ഹർജിക്കാരിക്ക് ചിലവിനു നൽകാൻ തയ്യാറാണ് എന്നും എതിർകക്ഷി കോടതി മുമ്പാകെ ബോധിപ്പിച്ചു.

13. ഒന്നാംഹർജിക്കാരി ഹർജിയോടൊത്തു ബോധിപ്പിച്ച സത്യവാങ്മൂലവും എതിർകക്ഷികൾ ഭാഗം ആക്ഷേപവും പരിശോധിച്ചപ്പോൾ ഒന്നാംഹർജിക്കാരിയെ എതിർകക്ഷികൾ ഗാർഹിക പീഢനത്തിന് ഇരയാക്കിയിട്ടുണ്ട് എന്നും ആയത് കാരണം രണ്ടുപേരുടെയും വൈവാഹിക ബന്ധത്തിൽ ഉലച്ചിൽ വന്നിട്ടുണ്ട് എന്നും ടിയാർ മാറിയാണ് നിലവിൽ താമസിക്കുന്നത് എന്നും കോടതിക്ക് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിരിക്കുന്നു. എതിർകക്ഷികൾ തന്നെ നിരന്തരം മാനസികമായി ഉപദ്രവിച്ചിരുന്നു എന്നും തങ്ങൾക്ക് ജീവിക്കുവാൻ വേണ്ട യാതൊരു കാര്യങ്ങളും ഒരുക്കിത്തന്നിരുന്നില്ല എന്നും ഹർജിക്കാർ വ്യക്തമായി ഹർജിയിലും സത്യവാങ്മൂലത്തിലും വിവരിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ പ്രഥമദൃഷ്ട്യാ ഒരു കേസ് വന്നിട്ടുണ്ടോ എന്ന് മാത്രമാണ് കോടതി പരിശോധിക്കുന്നുള്ളൂ. ആയതിന് ഹർജിക്കാരുടെ സത്യവാങ്മൂലം തന്നെ നിയമപരമായി ആധാരമാക്കാം. ഹർജിയുടെയും സത്യവാങ്മൂലത്തിന്റേയും അടിസ്ഥാനത്തിൽ ഹർജിക്കാർ ഗാർഹിക പീഢനത്തിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിൽ നിർവ്വചിക്കപ്പെട്ട രീതിയിൽ ഗാർഹിക പീഢനത്തിന് വിധേയയായിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആകയാൽ ഹർജിക്കാർക്ക് ഒരു ഇടക്കാല സംരക്ഷണ ഉത്തരവിന് അർഹതയുണ്ട്. ഇപ്രകാരം ഈ സൂചകങ്ങൾ ഹർജിക്കാർക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

14. <u>**സൂചകം 3:**</u> ഇരു ഭാഗത്തു നിന്നും ബോധിപ്പിച്ച ആസ്തി-ബാദ്ധ്യതാ സത്യവാങ്മൂലം പരിശോധിച്ചു. ഒന്നാംഹർജിക്കാരിയുടെ ആസ്തി-ബാദ്ധ്യതാ സത്യവാങ്മൂലം പ്രകാരം, ഒന്നാംഹർജിക്കാരിക്കു സ്വകാര്യമേഖലയിൽ ജോലിയുണ്ട് എന്ന് കാണിച്ചിട്ടുണ്ട് എന്നിരുന്നാലും വരുമാനം രേഖപ്പെടുത്തി കാണുന്നില്ല എതിർകക്ഷി സ്റ്റോർ കീപ്പറായി വർക്ക് ചെയ്യുകയാണ് എന്നും 50,000/- രൂപ പ്രതിമാസ വരുമാനം ഉണ്ട് എന്നും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, ഒന്നാംഹർജിക്കാരിയുടെ സത്യവാങ്മൂലത്തിൽ തനിക്ക് പ്രതിമാസം പതിനായിരം രൂപ വരുമാനം ഉണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ഒന്നാംഎതിർകക്ഷി ഭാഗം സമർപ്പിച്ച സത്യവാങ്മൂലത്തിൽ ടിയാൻ വെസ്റ്റേൺ റെഫ്രിജറേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലെ ജീവനക്കാരൻ ആണ് എന്നും തനിക്ക് പ്രതിമാസ വരുമാനം ₹ 28,450/- മാത്രമാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഒന്നാംഎതിർകക്ഷി ഹാജരാക്കിയിട്ടുള്ള രേഖകളിൽ നിന്നും ഇക്കാര്യം ബോധ്യപ്പെടുന്നതാണ്. ഹർജിക്കാർ യഥാക്രമം ഒന്നാംഎതിർകക്ഷിയുടെ ഭാര്യയും കുട്ടിയും ആണ്. ഒന്നാംഎതിർകക്ഷിക്ക് ആശ്രിതരായി തന്റെ അച്ഛനും അമ്മയും ഉണ്ട് എന്നും അവരുടെ കാര്യങ്ങൾ താനാണ് നോക്കുന്നത് എന്നും ഒന്നാംഎതിർകക്ഷി ആക്ഷേപത്തിലും ആസ്തിബാധിത സത്യവാങ്മൂലത്തിലും ബോധിപ്പിച്ചിട്ടുള്ളതാണ്. ഒന്നാംഹർജിക്കാരിയുടെ പൊതുവായ മാസച്ചിലവ് മാസം 15,000/- രൂപയാണ്. തനിക്ക് പ്രതിമാസം 10,000 രൂപ വരുമാനം ഉണ്ട് എന്നാണ് ഹർജിക്കാരിയുടെ സത്യവാമൂലത്തിൽ കാണുന്നത്. എന്നാൽ ആസ്തി ബാധ്യത സത്യവാങ്ങ്മൂലത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് പോലെ തന്റെ ബാങ്ക് സ്റ്റേറ്റ്മെന്റുകളോ സാലറി സ്ലിപ്പോ ഈ ഘട്ടത്തിൽ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. കേസിന്റെ കൂടുതൽ വിശദാംശത്തിലേക്ക് കടക്കുന്നത് ഈ ഘട്ടത്തിൽ അനുചിതമാണ്. ഈ നിലയിൽ ഒന്നാം ഹർജിക്കാരിയുടെ ജീവനാംശത്തിലേക്കായി ആവശ്യപ്പെട്ട തുക ഈ ഘട്ടത്തിൽ അനുവദിക്കേണ്ടതില്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. രണ്ടാം ഹർജിക്കാരിയുടെ ജീവനാംശത്തിലേക്ക് 20,000/- രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്, ആവശ്യപ്പെട്ട തുക മുഴുവൻ ഈ ഘട്ടത്തിൽ അനുവദിക്കേണ്ടതില്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. ആകയാൽ ഇടക്കാല ജീവനാംശമായി രണ്ടാം ഹർജിക്കാരിക്ക് പ്രതിമാസം 5500/- (അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിക്കുന്നത് അഭികാമ്യമെന്ന് കരുതുന്നു. അപ്രകാരം ഈ സൂചനകൾ ഹർജിക്കാർക്ക് ഭാഗികമായി അനുകൂലമായി കണ്ടെത്തിയിരിക്കുന്നു

15. **സൂചകം 04:** - 1 മുതൽ 3 വരെയുള്ള സൂചനകളിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് ഇടക്കാല ഉത്തരവാകുന്നു.

1. ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം അനുസരിച്ച് ഹർജിക്കാർ നിലവിൽ താമസിക്കുന്ന വീടായ കൊളത്തായിക്കോട്ടിൽ വീട്, അമ്പലപ്പടി, കുമാരപുരം പി. ഒ., ടി വീട്ടിൽ അതിക്രമിച്ചു കയറി ദേഹോപദ്രവമേൽപിക്കുകയോ, ഫോണിലൂടെ ബന്ധപ്പെട്ട് മാനസീകവും

ശാരീരികവുമായ പീഢനത്തിന് വിധേയരാക്കുകയോ ചെയ്യരുതെന്ന് എതിർകക്ഷികളോട് ആജ്ഞാപിച്ച് ഉത്തരവ് ആകുന്നു.

2. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 – ലെ സെക്ഷൻ 20 പ്രകാരം രണ്ടാം ഹർജിക്കാരിയുടെ പ്രതിമാസ ചെലവിനായി 5,500/– രൂപ നൽകുവാൻ ഒന്നാം എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു.

3. ഉത്തരവ് (I) നടപ്പാക്കുന്നതിന് വേണ്ട സഹായം കുന്നത്തുനാട് പോലീസ് SHO ഹർജിക്കാർക്ക് ചെയ്തു കൊടുക്കേണ്ടതാണ്.

(ഈ ഉത്തരവ് 2025, നവംബർ മാസം 4–ാം തീയതി തുറന്ന കോടതിയിൽ പ്രസ്താവിക്കുന്നു).

ഒപ്പ്
**ജെയ്സി അഗസ്റ്റിൻ**
**ന്യായാധികാരി**

//ശരിപ്പകർപ്പ്//

**ന്യായാധികാരി**
**ഗ്രാമ ന്യായാലയ,**
**വടവുകോട്, കോലഞ്ചേരി**